**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭയിലെ പെരുമ്പഴുതൂർ ജംഗ്ഷൻ വികസനത്തിനായി 11 ആർ സ്ഥലം 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.553/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 05/03/2020.

പരാമർശം: 1) നെയ്യാറ്റിൻകര നഗരസഭാ ചെയർപേഴ്സന്റെ 16/03/2019 - ലെ E2/19851/17 നമ്പർ കത്ത്.

2) നഗരകാര്യ ഡയറക്ടറുടെ 11/07/2019, 14/10/2019, 04/01/2020 തീയതികളിലെ G1/8216/2019 നമ്പർ കത്തുകൾ.

3) നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 28/11/2019 - ലെ ഇ 2/19851/17 നമ്പർ കത്ത്.

4) സ.ഉ.(എം.എസ്) നമ്പർ 56/2019/ആർ. ഡി. തീയതി 14/02/2019.

**ഉത്തരവ്**

നെയ്യാറ്റിൻകര നഗരസഭയിലെ പെരുമ്പഴുതൂർ ജംഗ്ഷൻ വികസനത്തിനായി നെയ്യാറ്റിൻകര പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24 -ൽ 292/1, 1 -1, 3, 4, 5, 268/8, 9, 16, 17, 18 എന്നീ റീസർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 11 ആർ വസ്തു ഏറ്റെടുക്കുന്നതിനായി നെയ്യാറ്റിൻകര നഗരസഭ 2018-19 വാർഷിക പദ്ധതിയിൽ 289/2019 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും അക്വിസിഷൻ നടപടികളിലൂടെ സ്ഥലം ഏറ്റെടുക്കുവാൻ നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് പരാമർശം (1) പ്രകാരം നെയ്യാറ്റിൻകര നഗരസഭാ ചെയർപേഴ്സൺ സർക്കാരിലേക്ക് അപേക്ഷിക്കുകയും ചെയ്തു.

2) നെയ്യാറ്റിൻകര പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ ഉൾപ്പെട്ട റീസർവ്വേ 292/1-ൽ 65 ച. മീറ്ററും 292-1-1-ൽ 50 ച. മീറ്ററും 292/3 ൽ 40 ച. മീറ്ററും 292/4 ൽ 20 ച. മീറ്ററും 292/5 ൽ 45 ച. മീറ്ററും 268/8 ൽ 1.40 ആറും 268/9 ൽ 2.70 ആറും 268/16 ൽ 1.40 ആറും 268/17 ൽ 02 ആറും 268/18 ൽ 1.30 ആറും ഉൾപ്പെടെ 11 ആർ. വസ്തു ഏറ്റെടുക്കുന്നതിനാണ് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്. വസ്തു ഏറ്റെടുക്കുന്നതിനായി ഒരു കോടി രൂപ ആവശ്യമായി വരുമെന്നും ടി തുക 2018-19 വാർഷിക പദ്ധതിയിൽ റവന്യൂ വകുപ്പിന്റെ 8443-00-117-99 വർക്ക് ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ടെന്നും ഏറ്റെടുക്കുന്ന ഭൂമി ബാധ്യതാ രഹിതമാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (2)പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെയ്യാറ്റിൻകര നഗര സഭയിലെ പെരുമ്പഴുതൂർ ജംഗ്ഷൻ വികസനത്തിനായി പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ ഉൾപ്പെട്ട റീസർവ്വേ 292/1-ൽ 65 ച. മീറ്ററും 292-1-1-ൽ 50 ച. മീറ്ററും 292/3 ൽ 40 ച. മീറ്ററും 292/4 ൽ 20 ച. മീറ്ററും 292/5 ൽ 45 ച. മീറ്ററും 268/8 ൽ 1.40 ആറും 268/9 ൽ 2.70 ആറും 268/16 ൽ 1.40 ആറും 268/17 ൽ 02 ആറും 268/18 ൽ 1.30 ആറും ഉൾപ്പെടെ 11 ആർ സ്ഥലം **'സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയും ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയ ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ'** എന്ന നിബന്ധനയോടെ പരാമർശം (4) സർക്കാർ ഉത്തരവിലെ

നിബന്ധനകൾ കർശനമായി പാലിച്ചു കൊണ്ട് 2013-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ),,കേരള

റവന്യൂ വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ(**RC1/43/2019/LSGD**)/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ